# പെപ്സിക്ക് ജലം നൽകുന്നത് തടയും-
# മലമ്പുഴ ഡാം സംരക്ഷണസമിതി

പാലക്കാട് : മലമ്പുഴ വാട്ടർ വർക്സിൽ നിന്നും കഞ്ചിക്കോട്ടെ പെപ്സി കോളകമ്പനിക്ക് ജലം നൽകുന്നത് തടയുവാൻ മലമ്പുഴഡാംസംരക്ഷണസമിതി തീരുമാനിച്ചു. പ്രതിദിനം 5 ടാങ്കർ വെള്ളമാണ് 'കുടിവെള്ളം' എന്ന ബോർഡ് വെച്ച് കമ്പനി കടത്തുന്നത്. ജില്ലയിലെ 25,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്കും, പാലക്കാട് മുനിസിപ്പാലിറ്റിയിലും, സമീപ പ്രദേശങ്ങളിലുമുള്ള അഞ്ച് പഞ്ചായത്തുകളിലെ 15 ലക്ഷം ജനങ്ങൾക്ക് കുടിനീരിനും മലമ്പുഴ ജലസേചനപദ്ധതിയിൽ നിന്നാണ് ജലമെടുക്കുന്നത്. എന്നാൽ വൃഷ്ടിപ്രദേശത്ത് നീരൊഴുക്കുകുറഞ്ഞതും മഴക്കുറവും മൂലം വാലറ്റത്ത് വെള്ളം എത്താതെ കഴിഞ്ഞ രണ്ടുവർഷമായി ഏക്കർ കണക്കിന് നെൽകൃഷിയാണ് ഉണങ്ങി നശിച്ചത്. ഇപ്പോൾ കുടിവെള്ളം പോലും വിതരണം ചെയ്യാനും കഴിയുന്നില്ല.

മാത്രമല്ല, കോരയാറിന്റെ പോഷകനദിയായ വേലന്താവളം പുഴയിൽ നിന്ന് ലക്ഷക്കണക്കിന് ലിറ്റർ ജലം കമ്പനി എടുക്കുന്നുമുണ്ട്. പുഴയിലേക്ക് മലിനജലം ഒഴുക്കുന്നുമുണ്ട്. പുഴയെ ആശ്രയിച്ച് കഴിയുന്ന ആയിരക്കണക്കിന് ജനങ്ങളെ ഇത് ബാധിക്കുന്നുണ്ട് - സമിതി കുറ്റപ്പെടുത്തി.